**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3686 — 26.06.2012 ൽ മറുപടിയ്ക്ക്

**ഉഴവൂരിൽ ഉണ്ടായിരുന്ന ജോയിന്റ് ആർ.റ്റി ഓഫീസ് പുന:സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | ഈ വർഷം സംസ്ഥാനത്ത് പുതിയ ജോയിന്റ് ആർ.റ്റി ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്, സബ് ആർ.ടി.ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകളായ കുട്ടനാട് , ഉടുമ്പൻചോല ദേവികുളം, നിലമ്പൂർ, ചിറ്റൂർ, മാനന്തവാടി, സുൽത്താൻബത്തേരി എന്നിവിടങ്ങളിലും കൂടാതെ ഉഴവൂരിലും പുതുതായി ഓഫീസുകൾ തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കോട്ടയം ജില്ലയിലെ ഉഴവൂരിൽ ഉണ്ടായിരുന്ന ജോയിന്റ് ആർ.റ്റി ഓഫീസ് നിർത്തലാക്കിയത് പുന:സ്ഥാപിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് അയച്ച ഫയലിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ; | (ബി) | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) | മോട്ടോർ വാഹന വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട് . വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ